**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*152 03.05.2017 ൽ മറുപടിക്ക്

## പൊതു ആരോഗ്യ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, കെ.വി.വിജയദാസ്<br>,, പി.വി. അൻവർ<br>,, കാരാട്ട് റസാഖ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | പ്ലാനിംഗ് ബോർഡ് നിരീക്ഷിച്ചിരുന്നതുപോലെ സംസ്ഥാനത്തെ സ്വകാര്യ മേഖലയുടെ ആധിപത്യവും ഉയർന്ന ചികിത്സച്ചെലവും കാരണം കേരളത്തിലെ പന്ത്രണ്ട് ശതമാനം ഗ്രാമവാസികളും എട്ട് ശതമാനം നഗരവാസികളും ദാരിദ്ര്യ രേഖയ്ക്ക് താഴെയാകുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാനായി ആരോഗ്യമേഖലയിൽ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; | (എ) & (ബി) | പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. 'ആർദ്രം മിഷൻ' ആരംഭിച്ചിട്ടുള്ളത് ഇപ്രകാരമുള്ള ഇടപെടലുകളുടെ ഭാഗമായാണ്.<br>പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>➢ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.<br>➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.<br>➢ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ |
| (ബി) | പൊതു ആരോഗ്യസംവിധാനം ശാക്തീകരിക്കുന്നതോടൊപ്പം സ്വകാര്യമേഖലയിലെ അമിത ചികിത്സച്ചെലവ് നിയന്ത്രിക്കാൻ നടപടിയുണ്ടാകുമോ; | | |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 51.8184/- കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.<br>➤ KIIFB യിൽ ഉൾപ്പെടുത്തി 2016-17 ൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>➤ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിലുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു. 2016-17 ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18-ൽ green book-ൽ ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും കെ.എം.എസ്.സി.എൽ വഴി നടന്നു വരുന്നു. 2017-18-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടത്തുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്ലാൻ പദ്ധതികളുടെ ഭാഗമായി ആശുപത്രികളുടെയും മറ്റു വിവിധവിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.<br><br>➤ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളിലായി സൃഷ്ടിച്ച 1965 തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>➤ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേരളത്തിലെ മാറിയ രോഗാതുരതയും ജീവിതശൈലീരോഗങ്ങളുടെ വർദ്ധനവും കണക്കിലെടുത്ത് ഈ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നുണ്ട്.<br><br>➤ രോഗ ചികിത്സയുടെയും ആശുപത്രി സംബന്ധമായ വിവരങ്ങളും ഫീൽഡ്-തല |

| | | | |
|---|---|---|---|
| | | | പൊതുജനാരോഗ്യ പ്രവർത്തനവിവരങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള ഇ-ഹെൽത്ത് പരിപാടിക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്.<br>➤ കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യമേഖലയെ ഈ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് സജ്ജമാക്കുന്ന രീതിയിലുള്ള പ്രവർത്തനപരിപാടികൾക്ക് ആരോഗ്യ വകുപ്പ് ഊന്നൽ നൽകി വരുന്നു. ജില്ലാ/താലൂക്ക് തല ആശുപത്രികൾ /സൂപ്പർസ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതുവഴി ജീവിതശൈലീരോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതാണ്. സ്വകാര്യ മേഖലയിൽ ഫീസ് ഈടാക്കുന്നതിൽ സുതാര്യത ഉറപ്പാക്കാൻ വേണ്ടി നിയമനിർമ്മാണം പരിഗണനയിലാണ്. |
| (സി) | ആരോഗ്യപരിരക്ഷ ജനങ്ങളുടെ അവകാശമാക്കി മാറ്റുമെന്ന നിലപാടിനനുസൃതമായി ബൃഹദ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയ്ക്കായി ആർ.എസ്.ബി.വൈ., സി.എച്ച്.ഐ.എസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശോധിക്കുന്നതാണ് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

**ആരോഗ്യ വകുപ്പിൽ 2017 ഏപ്രിൽ 29 വരെ ആകെ 1965 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.**

## Directorate of Health Services

| | | |
|---|---|---|
| 1. | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 204 |
| 2. | ഡെന്റൽ സർജൻ | 47 |
| 3. | ജില്ലാ താലൂക്ക് ആശുപത്രി | 307 |
| 4. | KHRWS, Technical | 7 |
| 5. | നഴ്സിംഗ് ട്യൂട്ടർ | 19 |
| 6. | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ് | 10 |
| 7. | റാന്നി-താലൂക്ക് ഹോസ്പിറ്റൽ | 12 |
| 8. | പത്തനംതിട്ട പബ്ലിക് ലാബ് | 15 |
| | | **621** |

## Directorate of Medical Education

| | | |
|---|---|---|
| 1. | ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, സ്റ്റാഫ് നേഴ്സ് തസ്തിക | 721 |
| 2. | നഴ്സിംഗ് കോളേജ്, നഴ്സിംഗ് ട്യൂട്ടർ | 36 |
| 3. | നഴ്സിംഗ് സ്കൂൾ, നഴ്സിംഗ് ട്യൂട്ടർ | 9 |
| 4. | ഡെന്റൽ കോളേജ്, ട്യൂട്ടർ തസ്തിക | 24 |
| 5. | കൊല്ലം-പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ്, ടീച്ചിംഗ് & നോൺ ടീച്ചിംഗ് | 390 |
| 6. | തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫാർമ്മസ്യൂട്ടിക്കൽ പ്രൊഫസർ | 1 |
| 7. | ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് ക്യാൻസർ വിഭാഗത്തിൽ ടീച്ചിംഗ് & നോൺ ടീച്ചിംഗ് | 105 |
| 8. | തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്പീച്ച് തെറാപ്പിസ്റ്റ് | 1 |
| 9. | ആലപ്പുഴ ഫാർമ്മസി കോളേജ് | 4 |
| | | **1291** |

## ആയുർവ്വേദം

| | | |
|---|---|---|
| 1. | ഭാരതീയ ചികിത്സ വകുപ്പിൽ, ആയുർവേദ തെറാപ്പിസ്റ്റ് | 41 |
| 2. | മെഡിക്കൽ ഓഫീസർ | 2 |
| 3. | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 10 |
| | | 53 |

**ആകെ 1965**

സെക്ഷൻ ഓഫീസർ